# പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ വില്ലേജിൽ വാടാനംകുറിശ്ശി റേയിൽവേ മേൽപ്പാല നിർമ്മാണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം
## കരട് രേഖ




**അർത്ഥനാധികാരി**

**റോഡ്സ് &ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ, കേരള ലിമിറ്റഡ്**

(ഒരു കേരള സർക്കാർ സംരംഭം)
മഹാകവി വൈലോപ്പിള്ളി റോഡ്
പാലാരിവട്ടം, കൊച്ചി – 682025
ഫോൺ : 0484–2338205

**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്**

RAJAGIRI outREACH


രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്
രാജഗിരി.പി.ഒ., കളമശേരി, പിൻ: 683 104
ഫോൺ: 0484 2911330-332/2550785
rossrajagiri@gmail.com
www.rajagirioutreach.org


**16.05.2019**

# ഉള്ളടക്കം


**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2 സ്ഥലം

1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1 പദ്ധതിയുടെ പശ്ചാത്തലം

2.2 പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതികരീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും,പഠനത്തിനു വേണ്ടവിവരശേഖരണം നടത്തിയ രീതിയും

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

## അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിൽ പ്രത്യാഘാത ബാധിതമാകുന്ന പ്രദേശം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5 പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

4.8 കൈവശഭൂമിയുടെ അളവ്,ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്,അവിടെ താമസിക്കുന്നവരുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

## അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.1.1 പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ(സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം**

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം**

8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2 ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9 : സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1 പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3 സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി -മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും - പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം - രൂപരേഖ

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനു തകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

## പട്ടികകൾ


| | |
|---|---|
| **പട്ടിക 1.3.1.** | ഭൂമി ഏറ്റെടുക്കലിൻെറ വ്യാപ്തി |
| **പട്ടിക 1.5.1** | സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിശകലനം |
| **പട്ടിക 3.1.1** | പഠന സംഘം |
| **പട്ടിക 3.5.1** | പ്രവർത്തനങ്ങളുടെ സമയ പട്ടിക |
| **പട്ടിക 4.2.1** | ഓരോ ഉടമക്കും ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിശകലനം |
| **പട്ടിക 4.7.1** | സ്ഥലത്തിൻെറ തരം |
| **പട്ടിക 4.8.1** | ഭൂമി കൈവശമായതിൻെറ കാലാവധി |
| **പട്ടിക 5.1.1** | മതവിഭാഗമനുസരിച്ച് കുടുംബങ്ങളുടെ എണ്ണം |
| **പട്ടിക 5.1.2** | ആഘാതബാധിത കുടുംബങ്ങളുടെ സാമൂഹ്യവിഭാഗം |
| **പട്ടിക 5.1.3** | കുടുംബ സവിധാനം |
| **പട്ടിക 5.6.1** | ഫലദായക വസ്തുക്കളിലുള്ള പ്രത്യാഘാതം |
| **പട്ടിക 6.1.1** | പ്രത്യക്ഷ ആഘാതബാധിതരാകുന്ന കുടുംബാഗംങ്ങളുടെ പ്രായം |
| **പട്ടിക 6.1.2** | പ്രത്യക്ഷ ആഘാതബാധിതരാകുന്ന കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ ലിംഗഭേദമനുസരിച്ച് |
| **പട്ടിക 6.1.3** | പ്രത്യക്ഷ ആഘാതബാധിത ജനങ്ങളുടെ വൈവാഹികാവസ്ഥ |
| **പട്ടിക 6.2.1** | പ്രത്യക്ഷ ആഘാതബാധിത കുടുംബങ്ങളുടെ റേഷൻ കാർഡിൻെറ തരം |


## ചിത്രങ്ങൾ


| | |
|---|---|
| **ചിത്രം 4.1.1** | നിർദിഷ്ട പദ്ധതി പ്രദേശം |
| **ചിത്രം 4.7.1** | സ്ഥലങ്ങളുടെ തരം |
| **ചിത്രം 4.7.2** | ഭൂമിയുടെ നിലവിലെ ഉപയോഗം |
| **ചിത്രം 4.8.1** | ഉടമസ്ഥതയുടെ രീതി |
| **ചിത്രം 6.2.1** | പ്രത്യാഘാതബാധിത ജനങ്ങളുടെ മാസവരുമാനം |

# അദ്ധ്യായം 1
# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

മെച്ചപ്പെട്ട ഗതാഗത സംവിധാനം എന്നത് വികസനം നടപ്പിലാക്കുന്നതിൻെറ പ്രധാനപ്പെട്ട ഘടകങ്ങളിൽ ഒന്നാണ്. ഒരു രാജ്യത്തിൻെറ വളർച്ചയിൽ റോഡു കളുടേയും പാലങ്ങളുടേയും വികസനം പ്രധാനപ്പെട്ട ഒന്നാണ്. ഒരു പ്രാദേശിക മേഖലയുടെ സമ്പദ്‌വ്യവസ്ഥയുമായി ഗതാഗത സംവിധാനം അടിസ്ഥാനപര മായി ബന്ധപ്പെട്ടിരിക്കുന്നു. ജനങ്ങളുടെ ജീവിതരീതിയിലും സമൂഹത്തിൻെറ ക്രമീ കരണത്തിലും ഗതാഗത മുന്നേറ്റങ്ങൾ സാധ്യമായ മാറ്റങ്ങൾ വരുത്തി എന്നതി നാൽ ഗതാഗതം നാഗരികതയുടെ വികസനത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ജനങ്ങളുടെ സഞ്ചാര ആവശ്യങ്ങളും ചരക്ക് ഗതാഗതവും യഥാവിധി നിർവ്വഹി ച്ചുകൊണ്ട് ഗതാഗതം പ്രാചീന കാലം മുതലെ നാഗരികതയുടെ വികസനത്തിൽ പ്രാധാന പങ്ക് വഹിച്ചിട്ടുണ്ട്.

നിർദ്ദിഷ്ട റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നത് പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ വില്ലേജിലെ വാടാനംകുറിശ്ശിയിലാണ്. കേരളത്തിലെ 14 ജില്ലകളിൽ ഒന്നായ പാലക്കാട് 1987 ജനുവരി ഒന്നിന് ജില്ലാ ഭരണകൂടമായി രൂപപ്പെട്ടു. നിലവിൽ 2 റവന്യൂ ഡിവിഷനുകൾ, 6 താലൂക്കുകൾ, 157 റവന്യൂ വില്ലേജുകൾ എന്നിവയടങ്ങുന്നതാണ് പാലക്കാട് ജില്ല. 7 മുനിസിപ്പാലിറ്റികളും 13 ബ്ലോക്കു കളും 80 ജില്ലാ പഞ്ചായത്തുകളും ജില്ലയിലുണ്ട്. ഓങ്ങല്ലൂർ വില്ലേജ് പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിലാണ് സ്ഥിതി ചെയ്യുന്നത്.

പാലക്കാട് ജില്ലയിലെ വാടാനംകുറിശ്ശിയിൽ 2-ാം നമ്പർ റെയിൽവേ ക്രോസ്സിം ഗിനു പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് 27.09.2016 തീയതി യിലെ സർക്കാർ ഉത്തരവ് G.O (Rt)No.1324/2016/PWD പ്രകാരം കേരള സർക്കാർ ഭരണാനുമതി നൽകി. കിഫ്ബിയുടെ ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിനെ സ്പെഷ്യൽ പർപ്പസ്സ് വെഹിക്കിൾ ആയി ചുമതല പ്പെടുത്തി.

## 1.2 സ്ഥലം

| | | |
|---|---|---|
| വില്ലേജ് | – | ഓങ്ങല്ലൂർ |
| താലൂക്ക് | – | പട്ടാമ്പി |
| ജില്ല | – | പാലക്കാട് |
| വാർഡ് നമ്പർ | – | 8, 9 |

## 1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

പാലക്കാട് ജില്ലയിലെ വാടാനംകുറിശ്ശിയിലെ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനായി 43.41 ആർ ഭൂമിയാണ് ആവശ്യമായി വരുന്നത്. പുരയിടം, നിലം വിഭാഗത്തിലുള്ളതാണ് ഭൂമി. 18 ഭൂവുടമകളിൽ നിന്നാണ് ഈ ഭൂമി ഏറ്റെടുക്കുന്നത്. ഇതിൽ 11 കുടുംബങ്ങൾ താമസത്തിനായും 3 കുടുംബങ്ങൾ കൃഷി ആവശ്യത്തിനായും 2 കുടുംബങ്ങൾ കച്ചവടാവശ്യത്തിനും ആയാണ് പ്രസ്തുത ഭൂമി ഉപയോഗിക്കുന്നത്. 3 എണ്ണം തുറസ്സായ ഭൂമിയാണ്. 18 ഭൂമിയിൽ 14 എണ്ണം പുരയിടം വിഭാഗത്തിലും 4 എണ്ണം നിലം വിഭാഗത്തിലും പെടുന്നു. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ സർവ്വേ ഏറ്റെടുക്കുന്ന ഭൂമിയുടെ സർവേ നമ്പറും ഭൂമിയുടെ ഏകദേശ അളവും താഴെ വിവരിക്കുന്നു.

***പട്ടിക 1.3.1 ഏറ്റെടുക്കുന്ന ഭൂമിയുടെ സർവ്വേ നമ്പറും ഭൂമിയുടെ ഏകദേശ അളവും***

| ക്രമ. നം | സർവ്വേ നമ്പർ/സബ് ഡിവിഷൻ നമ്പർ | ഏറ്റെടുക്കാൻ ഉദ്ദേശിക്കിന്ന ഭൂമിയുടെ ഏകദേശ അളവ് (ആറിൽ) | ഭൂമിയുടെ തരം |
|---|---|---|---|
| **1.** | 232/1 | 0.07 | പുരയിടം |
| **2.** | 236/5/5 | 0.7 | പുരയിടം |
| **3.** | 236/5/2 | 0.45 | പുരയിടം |
| **4.** | 236/5/1<br>236/5/2 | 1.38 | പുരയിടം |
| **5.** | 236/5<br>236/5/1 | 2.12 | പുരയിടം |
| **6.** | 236/5/6 | 0.11 | പുരയിടം |
| **7.** | 236/1/1 | 0.07 | പുരയിടം |
| **8.** | 236/4 | 2.88 | പുരയിടം |
| **9.** | 208/16/2/1 | 0.21 | പുരയിടം |

| | | | |
|---|---|---|---|
| **10.** | 274/17 | 1.08 | പുരയിടം |
| **11.** | 274/16 | 1.08 | പുരയിടം |
| **12.** | 277/7-3 | 3 | പുരയിടം |
| **13.** | 277/7 | 1.47 | പുരയിടം |
| **14.** | 277/7-1<br>277/6 | 3.40<br>0.09 | പുരയിടം |
| **15.** | 275/2 | 0.69 | നിലം |
| **16.** | 275/1 | 7.47 | നിലം |
| **17.** | 275/4 | 6.73 | നിലം |
| **18.** | 236/3 | 6.99 | നിലം |

**1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ**

നിലവിലുള്ള ലെവൽ ക്രോസ്സിംഗിനു പകരമായിട്ടാണ് റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നത് എന്നതിനാൽ മറ്റ് മാർഗ്ഗങ്ങൾ പരിഗണിക്കപ്പെട്ടിട്ടില്ല.

**1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ**

പദ്ധതി മൂലം 18 കുടുംബങ്ങൾക്ക് ഭൂമി നഷ്ടപ്പെടുന്നു എന്നതിനാൽ ഇവർ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതർ ആണ്. സാമുഹിക പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ഇവരിൽ 17 പേരെ സർവ്വേ ചെയ്തു. പദ്ധതി നടപ്പിലാക്കുന്നത് മൂലം 3 കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടും. 2 കുടുംബ ങ്ങൾക്ക് ഉപജീവന മാർഗ്ഗം നഷ്ടപ്പെടും. വിദേശത്ത് താമസിക്കുന്ന ഒരു കുടും ബത്തെ ബന്ധപ്പെടാൻ വിലാസം ലഭ്യമല്ലാത്തതിനാൽ സാമുഹിക പ്രത്യാഘാത വിലയിരുത്തൽ പഠന സംഘത്തിന് ഒരു കുടുംബത്തെ സർവ്വേയിൽ ഉൾപ്പെടു ത്താൻ സാധിച്ചില്ല. പദ്ധതി പ്രദേശത്ത് വിവിധ കച്ചവടങ്ങൾ നടത്തുന്ന വാട കക്കാരേയും അവരുടെ കുടുംബങ്ങളേയും പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായി കണക്കാക്കേണ്ടതാണ്.

2 കൃഷിസ്ഥലങ്ങൾ, 4 വീടുകൾ, 4 കടകൾ എന്നിവയും ചുറ്റുമതിലുകൾ, ഗേറ്റ്, കിണറുകൾ, സെപ്റ്റിക് ടാങ്ക് മുതലായവയും പദ്ധതി ആഘാത ബാധിത മാകുമെന്ന് സാമുഹിക പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം സർവ്വേ യിൽ കണ്ടെത്തി.

43 തെങ്ങ്, 7 പ്ലാവ്, 17 വാഴ, 3 നെൽ വയൽ മുതലായ ഫലദായക വസ്തുക്കൾ പദ്ധതി മൂലം ബാധിക്കപ്പെടുന്നു.

താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ പദ്ധതിയുടെ സംഭവ്യമായ പ്രത്യക്ഷ ആഘാതങ്ങൾ വിവരിക്കുന്നു.

***പട്ടിക 1.5.1 സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിശകലനം***

| ക്രമ നമ്പർ | ആഘാതത്തിൻെറ തരം | അവസ്ഥ |
|---|---|---|
| 1 | ഭൂമി നഷ്ടമാകൽ | 18 കുടുംബങ്ങൾക്ക് ഭൂമി നഷ്ടമാകും |
| 2 | വരുമാനം നഷ്ടമാകൽ | 1 കുടുംബത്തിനു 3 കടമുറിയിൽ നിന്നും മറ്റൊരു കുടുമബത്തിനു 1ഒരു കടമറിയിൽ നിന്നും വാടകയിനത്തിൽ ലഭിക്കുന്ന വരുമാനം |
| 3 | നിർമ്മിതികൾ നഷ്ടമാകൽ | 3 വീടുകളും അനുബന്ധ സൗകര്യങ്ങളും, 1 കുഴൽകിണർ, 4 കിണർ, 6 ഗേറ്റും, 7 ചുറ്റുമതിൽ, 3 സെപ്റ്റി ടാങ്ക്, 4 കടകളും അനുബന്ധ സൗകര്യങ്ങളും, 1 ജലവിതരണ പൈപ്പ് |
| 4 | കുടിയൊഴിയൽ | 3 വീടുകളും, |
| 5 | മരങ്ങൾ നഷ്ടമാകൽ | 43 തെങ്ങ്, 9 മാവ്, 1 മുരിങ്ങ, 1 ആര്യവേപ്പ്, 7 പ്ലാവ്, 17 വാഴ, 2 പപ്പായ, 10 കവുങ്ങ്, 1 പേര, 3 നെൽ വയൽ |
| 6 | ഉപജീവന മാർഗ്ഗം നഷ്ടമാകൽ | 4 വാടകക്കാർ |

മേൽ പറഞ്ഞ വിവരങ്ങൾ സർവ്വേയിൽ ലഭ്യമായതാണ്. ബന്ധപ്പെട്ട രേഖകൾ പരിശോധിക്കേണ്ടതാണ്

**2.1 ലഘൂകരണ നടപടികൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃര ധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളി ച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O (Ms) No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെ ടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതി നുള്ള പോളിസി വാടാനംകുറിശ്ശി റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് പട്ടാമ്പി

താലൂക്കിലെ ഓങ്ങല്ലൂർ വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്ക് ബാധകമാണ്.

# അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവർ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

ഗതാഗത സംവിധാനത്തിൻെറ കാര്യത്തിൽ കേരളത്തിന് മികച്ച ശൃംഖല ഉണ്ട്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപെടുത്തുമ്പോൾ കേരളത്തിന് മികച്ച ഗതാഗത സംവിധാനങ്ങളാണുള്ളത്. രാജ്യത്തിൻെറ വ്യവസായിക വളർ ച്ച യിൽ റെയിൽവേ ഒഴിച്ചുകൂടാനാകാത്ത ഘടകമാണ്. ഇന്ത്യയിലെ ഏറ്റവും വലിയ തൊഴിൽദാതാവു കൂടിയാണ് റെയിൽവേ. തിരുവനന്തപുരം, പാലക്കാട്, മധുര എന്നീ റെയിൽവേ സ്റ്റേഷനുകൾ കൂട്ടായി പ്രവർത്തിച്ചാണ് കേരളത്തിലെ റെയിൽ പ്രവർത്തനങ്ങൾ നടത്തുന്നത്.

ഇന്ത്യൻ റെയിൽവേയുടെ ദക്ഷിണ റെയിൽപാത ഉയർന്ന ഭൂപ്രകൃതിയുള്ള ഇടുക്കി, വയനാട് എന്നീ ജില്ലകളെ ഒഴിച്ച് സംസ്ഥാനത്തെ മറ്റു പ്രധാന നഗര ങ്ങളെ എല്ലാം ബന്ധിപ്പിക്കുന്നു. റെയിൽപാത മുറിച്ചു കടക്കാനായി കാൽനട യാത്രക്കാരും വാഹനങ്ങളും ഉപയോഗിക്കുന്ന മാർഗ്ഗമാണ് ലെവൽ ക്രോസ്സിംഗ്. ലോകത്താകമാനമായി പലതരത്തിൽ ഇത് നിലനിൽക്കുന്നു. ഇടുങ്ങിയ റോഡു കളിൽ ഇത്തരം ലെവൽ ക്രോസ്സിംഗുകൾ വീണ്ടും ഗതാഗത കുരുക്ക് ഉണ്ടാക്കുന്നു. അതു കൂടാതെ ഇത്തരം ലെവൽ ക്രോസ്സിംഗുകൾ റെയിൽ സുരക്ഷയ്ക്ക് ഭീഷ ണിയുമാകുന്നു.

റെയിൽവേ സുരക്ഷയ്ക്കായി റെയിൽവേ മേൽപ്പാല നിർമ്മാണം വളരെയധികം പ്രാധാന്യമർഹിക്കുന്നതാണ്. സുരക്ഷിതമല്ലാത്ത റെയിൽവേ ക്രോസ്സിംഗുകളിൽ കൂടി പാളം മുറിച്ചു കടക്കുന്നതിനാൽ ധാരാളം ജീവനുകൾ നഷ്ടപ്പെടുന്നു. റെയിൽവേ മേൽപ്പാല നിർമ്മാണത്തിൻെറ പ്രധാന ലക്ഷ്യമെന്നത് സംസ്ഥാനത്തെ ഗതാഗത കുരുക്ക് കുറയ്ക്കുക എന്നതാണ്. ഷൊർണ്ണൂർ-പെരിന്തൽമണ്ണ റൂട്ടി ലാണ് വാടാനംകുറിശ്ശി റെയിൽവേ സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത്. ഷൊർണ്ണൂർ ജംഗ്ഷൻ സ്റ്റേഷനും വടക്ക് വല്ലാപ്പുഴ സ്റ്റേഷനും ഇടയിലായാണ് സംസ്ഥാ

നപാത 23 കടന്നു പോകുന്നത്. പട്ടാമ്പിയിൽ നിന്നും ഷൊർണ്ണൂരിൽ നിന്നും 8 കി.മീ. അകലെയാണ് വാടാനംകുറിശ്ശി ടൗൺ സ്ഥിതി ചെയ്യുന്നത്. നിർദ്ദിഷ്ട റെയിൽവേ മേൽപ്പാലം പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ-പെരിന്തൽമണ്ണ സംസ്ഥാന പാതയെ ബന്ധിപ്പിക്കുന്നു.

## 2.2 പദ്ധതിയുടെ യുക്തി

ഷൊർണ്ണൂർ-പെരിന്തൽമണ്ണ പാതയെ ബന്ധിപ്പിക്കുന്ന സംസ്ഥാന പാത 23 -ലൂടെ യാണ് വാടാനംകുറിശ്ശി ഗേറ്റ് കടന്നുപോകുന്നത്. കേരളത്തിലെ പാലക്കാട്, മലപ്പുറം എന്നി ജില്ലകളെ തമ്മിൽ സംസ്ഥാന പാത 23 ബന്ധിപ്പിക്കുന്നു. പാലക്കാട് നിന്നും ഷൊർണ്ണൂർ നിന്നും പട്ടാമ്പി വഴി പെരിന്തൽമണ്ണയിൽ നിന്നും അതുപോലെതന്നെ ഒറ്റപ്പാലത്തിനും ഷൊർണ്ണൂരിനും പോകുന്ന യാത്രക്കാർ വാടാനംകുറിശ്ശി റെയിൽവേ ഗേറ്റ് കടന്നു വേണം പോകാൻ. കൂടാതെ പാലക്കാട് നിന്നും കോയമ്പത്തൂർ നിന്നും ഗുരുവായൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തി ലേയ്ക്ക് പോകുന്നവരും പാലക്കാട്-പട്ടാമ്പി-കുന്നംകുളം വഴി വാടാനംകുറിശ്ശി റെയിൽവേ ഗേറ്റ് കടന്നു വേണം പോകാൻ. കനത്ത ഗതാഗത കുരുക്ക് മൂലം റെയിൽവേ ക്രോസ്സിംഗ് കടക്കാൻ യാത്രക്കാർ വളരെയധികം സമയമെടുക്കും. ഷൊർണ്ണൂർ ജംഗ്ഷൻ റെയിൽവേ സ്റ്റേഷനും വാടാനംകുറിശ്ശി റെയിൽവേ സ്റ്റേ ഷനും ഇടയിൽ ഷൊർണ്ണൂർ-നിലമ്പൂർ റോഡ് റെയിൽവേ പാതയിലാണ് വാടാ നംകുറിശ്ശി റെയിൽവേ ഗേറ്റ് സ്ഥിതി ചെയ്യുന്നത്. പാസഞ്ചർ ട്രെയിനുകളും ഫാസ്റ്റ് എക്സ്പ്രസ്സ് ട്രെയിനുകളും ഉൾപ്പെടെ 14 ട്രെയിനുകൾ ദിവസവും ഈ ഗേറ്റ് വഴി കടന്നു പോകുന്നു.

റെയിൽവേ ക്രോസ്സുകൾ അടഞ്ഞു കിടക്കുന്നതു മൂലം ഗണ്യമായ സമയം യാത്ര ക്കാർക്കു നഷ്ടമാകുന്നു. റെയിൽവേ ഗേറ്റുകൾ അടഞ്ഞു കിടക്കുന്ന സമയം ഗതാഗത കുരുക്ക് സൃഷ്ടിക്കപ്പെടുകയും അതേപോലെതന്നെ യാത്രക്കാരുടെ വില പ്പെട്ട സമയം നഷ്ടപ്പെടുകയും ഇന്ധന നഷ്ടം ഉണ്ടാവുകയും ചെയ്യുന്നു. ഗേറ്റ് കടക്കാനായി വാഹനങ്ങളുടെ നീണ്ട നിര നിർദ്ദിഷ്ട സ്ഥലത്ത് ഗതാഗത കുരുക്ക് ഉണ്ടാക്കുന്നു. റെയിൽവേ മേൽപ്പാലം നിർമ്മിക്കുക എന്നതാണ് ഈ പ്രശ്നത്തിൻെറ ഏക പരിഹാരം. തടസ്സങ്ങൾ നേരിടാതെ വാഹനങ്ങൾക്ക്

അങ്ങോട്ടും ഇങ്ങോട്ടും റെയിൽവേ മേൽപ്പാലം വഴി സഞ്ചരിക്കാൻ സാധിച്ചാൽ സമയവും ഇന്ധനവും ലാഭിക്കാം.

അതിനാൽ പാലക്കാട് ജില്ലയിലെ വാടാനംകുറിശ്ശിയിലെ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ ഒരു പ്രദേശത്തിൻെറ വികസനത്തിനും രാജ്യത്തിൻെറ അടിസ്ഥാന സൗകര്യ വികസനത്തിനുമായതിനാൽ ഇതൊരു പൊതുആവശ്യമായി കണക്കാക്കാം. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ഭാഗം 2 (b) (i) പ്രകാരം നിർദ്ദിഷ്ട പദ്ധതി ഒരു പൊതു ആവശ്യമാണ്.

**2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ**

വാടാനംകുറിശ്ശി റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ആകെ 43.49 ആർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ആഘാത ബാധിത ഭൂമി 18 കുടുംബങ്ങളുടെ ഉടമസ്ഥതയിൽ ഉള്ളതാണ്. ബാധിത പ്രദേശം പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിൽ ഓങ്ങല്ലൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്നു. നിർദിഷ്ട റെയിൽവേ മേൽപ്പാലത്തിൻെറ നീളം 2.കി.മീ ആണ്. പ്രദേശത്തെ ഗതാഗത കുരുക്ക് കുറയ്ക്കാൻ റെയിൽവേ മേൽപ്പാല നിർമ്മാണം സഹായിക്കും. പദ്ധതിയുടെ ആകെ ചെലവായി കണക്കാക്കിയിരിക്കുന്നത് 3479.00 ലക്ഷം രൂപയാണ്.

**2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ**

നിലവിലെ റെയിൽവേ ക്രോസ്സ് പ്രവർത്തിക്കുന്നിടത്ത് തന്നെയാണ് റെയിൽവേ മേൽപ്പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ആയതിനാൽ മറ്റ് മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതില്ല.

**2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ**

ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായി 18 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കും എന്നാണ് അർതഥനാധികാരി അറിയിച്ചത്.

**2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ**

ഷൊർണ്ണൂർ-പെരിന്തൽമണ്ണ റോഡ് ഇരട്ടവരി പാതയാണ്, നിർദ്ദിഷ്ട റെയിൽവേ മേൽപ്പാലവും 7.50. മീറ്റർ ക്യാരേജ്‌വേയും 1.50 മീറ്റർ നടപ്പാതയോടും കൂടി ഇരട്ടവരിയായാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. മേൽപ്പാലത്തിൻെറ ആകെ

വീതി 10.15 മീറ്ററും ഇരുവശങ്ങളിലും 1.20 ഗ്രേഡിയൻറും റെയിൽവേ മേൽപ്പാലത്തിൻെറ പാലക്കാട് അനുബന്ധ ഭാഗത്തിൻെറ നീളം 245.60 മീറ്ററും ഷൊർണ്ണൂർ ഭാഗത്തേയ്ക്കുള്ള നീളം 306.65 മീറ്ററും ആണ്. നിലവിലെ റോഡുമായി സുഗമമായി കൂടിച്ചേരൽ സാധ്യമാകുന്നതിന് ഷൊർണ്ണൂർ, പട്ടാമ്പി ഭാഗങ്ങളിൽ യഥാക്രമം 300 മീറ്റർ, 85 മീറ്റർ അളവിൽ തിരശ്ചീനമായ വളഞ്ഞ ആകൃതിയിൽ ക്രമീകരിക്കും. റെയിൽവേയുടെ ഭാഗത്തെ നീളം 32.40 മീറ്റർ ആയിരിക്കും.

### 2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

മറ്റനുബന്ധ അടിസ്ഥാന സൗകര്യങ്ങളായ, നടപ്പാത, സുരക്ഷയ്ക്കും സംരക്ഷണത്തിനുമുള്ള സംവിധാനങ്ങൾ, അഴുക്കുചാലുകൾ എന്നിവ ഭാവിയിൽ പരിഗണിക്കും.

### 2.8 ആവശ്യമായ തൊഴിൽ ശക്തി

പരിശീലനം ലഭിച്ചതും അല്ലാത്തതുമായ തൊഴിലാളികളും ആധുനിക യന്ത്രസാമഗ്രികളുമുൾപ്പെടെയുള്ള തൊഴിൽ ശക്തിയാണ് പദ്ധതി നിർമ്മാണത്തിന് വേണ്ടത്.

### 2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിയ്ക്ക് വേണ്ടി താഴെ പറയുന്ന പഠനങ്ങൾ നടത്തിയതായി അർത്ഥനാധികാരി വെളിപ്പെടുത്തി.

- എഞ്ചിനീയറിംഗ് സർവ്വേ
- സ്ഥലത്തിൻെറ സൂക്ഷ്മ പരിശോധനയും രൂപരേഖയും.
- ടോപ്പോഗ്രാഫിക് സർവ്വേ
- ഗതാഗത സർവ്വേ
- ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷനും അടിമണ്ണ് പരിശോധനയും.

### 2.10 ബാധകമായ നിയമങ്ങളും നയങ്ങളും

വാടാനംകുറിശ്ശി റെയിൽവേ മേൽപ്പാലത്തിൻെറ നിർമ്മാണത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013.
- കേരള സർക്കാർ – റവന്യൂ (ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരി ഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാ നത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപനപാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി
- വിവരാവകാശ നിയമം 2005

# അദ്ധ്യായം 3
# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം, സമയക്രമം

2019 ഫെബ്രുവരി 11 ന് പ്രസിദ്ധീകരിച്ച 315-ാം നമ്പർ കേരള ഗസറ്റ് (അസാധാരണം) പാലക്കട് ജില്ലാ കളക്ടറുടെ 2019 ഫെബ്രുവരി 4-ാം തീയതി യിലെ വിജ്ഞാപനം നമ്പർപ്രകാരം പലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിലെ ഓങ്ങല്ലൂർ വില്ലേജിൽ വാടാനംകുറിശ്ശിയിൽ റേയിൽവേ മേൽപ്പാലം നിർമ്മിക്കു ന്നതിനായുള്ള സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനായി ജില്ലാക ളക്ടർ രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തിയിരിക്കുന്നു.

**3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ**

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ അദ്ധ്യക്ഷയായ രാജഗിരി ഔട്ട്റീച്ചിൻെറ പ്രോജക്ട് ഡയറക്ടറുടെ നേതൃത്വത്തിൽ, വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലുകളും നടത്തിയ അനുഭവസമ്പത്തുള്ള 6 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വില യിരുത്തലിനു വേണ്ടിയുള്ള വിവരശേഖരണവും ഏകോപനവും നടത്തിയത്. കൂടാതെ പ്രത്യാഘാത ബാധിത പ്രദേശങ്ങൾ കണ്ടെത്തുവാൻ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥ പ്രതിനിധികളുടെ സഹായവും ഉണ്ടായിരുന്നു. പഠനസംഘത്തെ കുറിച്ചുള്ള വിവരങ്ങൾ താഴെ വിവരിക്കുന്നു.

***പട്ടിക 3.1.1. പഠന സംഘം***

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസയോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1. | മീന കുരുവിള | എം.എസ്.ഡബ്ല്യൂ ചെയർപേഴ്സൺ | വികസനമേഖലയിൽ 31 വർഷത്തെ പ്രവർത്തന പരിചയം |
| 2. | ഡോ:ബിനോയ് ജോസഫ്,പ്രിൻസിപ്പ ൾ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് | എം.എ(എച്ച്.ആർ. എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ്, | വികസനമേഖലയിൽ 23വർഷത്തെ പ്രവർത്തന പരിചയം |

| | | | |
|---|---|---|---|
| 3. | മരിയ ടെൻസി വി.എസ് | എം.എ,ഡി.എസ്.എസ്. റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 4. | ബിജു സി.പി. | ബി.എ.,ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 24 വർഷത്തെ പ്രവർത്തന പരിചയം |
| 5. | ജോർജ് വി. എ | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസ്സിയേറ്റ് | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 6. | പ്രിയങ്ക പ്രകാശ് | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസ്സിയേറ്റ് | വികസനമേഖലയിൽ 1 വർഷത്തെ പ്രവർത്തന പരിചയം |

### 3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതികരീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ടവിവരശേ ഖരണം നടത്തിയ രീതിയും

പദ്ധതി ബാധിത ഭൂമിയുടെയും കെട്ടിടങ്ങളുടെയും, വ്യക്തികളുടെയും കൃത്യമായ എണ്ണം തിട്ടപ്പെടുത്തുകയും പദ്ധതി മൂലം ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുകയും കൂടാതെ സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക എന്നതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. നിലവിലുള്ള പ്രക്രിയയ്ക്ക് വിവരങ്ങൾ ശേഖരിക്കുന്നതിനായി പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്തു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിൻെറ ഭാഗമായി നിർദ്ദിഷ്ട പദ്ധതി ബാധിത മേഖലയിലെ ഗുണപരവും ദോഷപരവുമായ പ്രത്യാഘാതങ്ങൾ തിട്ടപ്പെടുത്തുന്നതിന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിലെ പരിചയ സമ്പന്നരായ അംഗങ്ങൾ സെൻസ്സസ് മാതൃകയിലുള്ള സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്തി. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുമ്പേ പദ്ധതിയെക്കുറിച്ചും പദ്ധതി പ്രദേശത്തെക്കുറിച്ചും പരമാവധി വിവരങ്ങൾ പഠനസംഘം ശേഖരിച്ചു. ചോദ്യാവലി ഉപയോഗിച്ചാണ് വിവരശേഖരണം നടത്തിയത്.

### 3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

മാതൃകാ പരിശോധനാ രീതി നിർദ്ദിഷ്ട പഠനത്തിന് അനുയോജ്യമല്ലാത്തതിനാൽ പദ്ധതി ബാധിതരായ 17 കുടുംബങ്ങളെ വിശദമായി പഠിച്ചു. ആഘാത ബാധിത ഭൂമികളിൽ ഒന്നിൻെറ ഉടമസ്ഥൻ വിദേശത്ത് ആയതിനാൽ ആ കുടുംബത്തെ ബന്ധ

പ്പെടാനും സർവ്വേയിൽ കുടുംബത്തിന്റെ വിവരങ്ങൾ ഉൾപ്പെടുത്താനും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘത്തിനു സാധിച്ചില്ല.

### 3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

സ്പെഷ്യൽ തഹസിൽദാരുടെ (ഭൂമി ഏറ്റെടുക്കൽ) കാര്യാലയം, അർത്ഥനാധികാരി എന്നിവരിൽനിന്നും പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ ശേഖരിച്ചു. ആഘാത ബാധിത ജനങ്ങളിൽ നിന്നും തത്പരകക്ഷികളിൽ നിന്നും സർവ്വേയിലൂടെ ശേഖരിച്ച പ്രാഥമിക വിവരങ്ങളും, ദ്വിതീയ വിവരങ്ങളും ഏകോപിപ്പിച്ചു. കൂടാതെ പദ്ധതി പ്രദേശത്തിന്റെ ഭൗതീകവും സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ പ്രത്യേകതകളെക്കുറിച്ച് വിശദമായി മനസ്സിലാക്കി.

### 3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

*പട്ടിക 3.5.1. പ്രവർത്തനങ്ങളുടെ സമയ പട്ടിക*

| 04.02.2019 | സാമൂഹ്യപ്രത്യാഘാത പഠനം നടത്തുവാൻ ജില്ലാ കളക്ടർ രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തി |
|---|---|
| 11.02.2019 | കേരള ഗസറ്റ് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തൽ |
| ഫെബ്രുവരി 2019 | പദ്ധതി പ്രദേശത്ത് പ്രാഥമിക സന്ദർശനം |
| 20.02.2019<br>21.202.2019 | വിവര ശേഖരണം |
| | പബ്ലിക് ഹിയറിംഗിന്റെ വിഞ്ജാപനം |
| | കരട് രേഖ അവതരണവും |
| 11.03.2019 | പബ്ലിക് ഹിയറിംഗ് |

**പബ്ലിക് ഹിയറിംഗ്**

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ൽ ചട്ടം 14(1) ലെ ഫോറം 5 അനുസരിച്ച് 18.05.2019 ശനിയാഴ്ച്ച 11.00 മണിക്ക് വാടാനംകുറിശ്ശി സഹകരണ ബാങ്ക് ഹാളിൽ വച്ച് പബ്ലിക്ക് ഹിയറിംഗ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

**പഠനത്തിൻെറ പരിമിതി**

ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥനിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 18 കുടുംബങ്ങളുടെ ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ഒരു കുടുംബം വിദേശത്തായതിനാൽ അവരുടെ വിവരങ്ങൾ ശേഖരിക്കുവാൻ SIA ടീമിന് സാധിച്ചില്ല. പ്രദേശവാസികൾക്കാർക്കും തന്നെ അവരെപറ്റിയുള്ള വിവരങ്ങൾ അറിയില്ല. ആയതിനാൽ ഈ പഠന റിപ്പോർട്ടിൽ പ്രസ്തുത കുടുംബത്തെ പറ്റിയുള്ള വിവരങ്ങൾ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. ഇത് ഈ പഠനത്തിൻെറ ഒരു പരിമിതിയായി കണക്കാക്കുന്നു.

# അദ്ധ്യായം 4
# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

## 4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

കേരളത്തിൻെറ വടക്കു ഭാഗമാണ് പാലക്കാട് ജില്ലയുടെ വടക്കു പടിഞ്ഞാറ് മലപ്പുറം ജില്ലയും തെക്ക്-പടിഞ്ഞാറ് തൃശ്ശൂർ ജില്ലയും വടക്കു കിഴക്കും കിഴക്കും യഥാക്രമം തമിഴ്നാടിൻെറ നീലഗിരി ജില്ലയും കോയമ്പത്തൂർ ജില്ലയുമാണുള്ളത്.

വാടാനംകുറിശ്ശി പട്ടണം ഷൊർണ്ണൂർ നിന്നും പട്ടാമ്പിയിൽ നിന്നും 8.കി.മീ ദൂരെ യാണ്. ഒറ്റപ്പാലം, പട്ടാമ്പി, ഷൊർണ്ണൂർ, പെരിന്തൽമണ്ണ എന്നിവയാണ് അടുത്തുള്ള മറ്റു പട്ടണങ്ങൾ. ഏറ്റവും അടുത്തുള്ള സ്റ്റേഷൻ വാടാനംകുറിശ്ശിയാണ്. ഷൊർണ്ണൂർ-പെരിന്തൽമണ്ണ റൂട്ടിലാണ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത്.




*ചിത്രം 4.1 നിർദിഷ്ട പദ്ധതി പ്രദേശം*

## 4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ബാധിതമാകുന്ന പ്രദേശം)

നിർദ്ദിഷ്ട റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ആകെ 43.49 ആർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. 18 കുടുംബങ്ങൾ പ്രത്യക്ഷമായും 4 കുടുംബ ങ്ങൾ പരോക്ഷമായും പദ്ധതി ആഘാത ബാധിതമാകുന്നു. 3

കുടുംബങ്ങൾ അവരുടെ ഭൂമിയിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെടുന്നു. 3 വർഷത്തി ലധികമായി ആഘാത ബാധിത ഭൂമിയിൽ കച്ചവടം നടത്തുന്ന 4 കുടുംബ ങ്ങൾ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായി കണക്കാക്കാം. നിലം വിഭാഗത്തിൽ പെടുന്ന നിലവിൽ നെൽകൃഷി നടത്തുന്ന 3 ഭൂമി യുടെ കുറച്ച് ഭാഗവും റെയിൽവേ മേൽപ്പാലത്തിൻെറ നിർമ്മാണത്തിനായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

***പട്ടിക 4.2.1.*** **ഓരോ ഉടമക്കും ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിശകലനം**

| ക്രമ. നം | ഉടമസ്ഥൻ | സർവ്വേ നമ്പർ | ആഘാതങ്ങൾ |
|---|---|---|---|
| 1. | ഷമീർ | 232/1 | ഭൂമി, 1 തെങ്ങ്, ചുറ്റുമതിൽ |
| 2. | മുഹമ്മദ് കുട്ടി | 236/5/5 | ഭൂമി, 1 തെങ്ങ്, 1 പ്ലാവ്, 1 മുരിങ്ങ, 1 ആര്യവേപ്പ്, കുഴൽ കിണർ, സെപ്റ്റിക് ടാങ്ക്, ചുറ്റുമതിൽ, ഗേറ്റ് |
| 3. | സുഷമ | 236/5/2 | ഭൂമി, ഗേറ്റ്, 2 പില്ലർ |
| 4. | മമ്മിക്കുട്ടി | 236/5/1<br>236/5/2 | ഭൂമി, ഗേറ്റ്, ചുറ്റുമതിൽ |
| 5. | കല്യാണിക്കുട്ടി | 236/5<br>236/5/1 | ഭൂമി, 1 തെങ്ങ്, 2 പ്ലാവ്, വീടും അനുബന്ധ നിർമ്മിതികളും, 3 കടകൾ, ചുറ്റുമതിൽ, ഗേറ്റ്, സെപ്റ്റിക് ടാങ്ക് |
| 6. | ഷിജു | 236/5/6 | ഭൂമി, ഗേറ്റ്, കടയുടെ മുൻവശം |
| 7. | നാരായണൻ | 236/1/1 | ഭൂമി, വീടും അനുബന്ധ നിർമ്മിതികളും, സെപ്റ്റിക് ടാങ്ക്, കിണർ |
| 8. | അഹമ്മദ് കബീർ | 236/4 | ഭൂമി, 15 വാഴ, 2 പപ്പായ, വീടും അനുബന്ധ നിർമ്മിതികളും, ചായ കട |
| 9. | റസ്സാക്ക് | 208/16/2/1 | ഭൂമി, 3 തെങ്ങ്, 1 മാവ്, ജല വിതരണ പൈപ്പ്, ചുറ്റുമതിൽ |
| 10. | ഉണ്ണികൃഷ്ണൻ | 274/16 | ഭൂമി |
| 11. | യൂസഫ് | 227/7/3 | ഭൂമി, 3 തെങ്ങ്, 11 കവുങ്ങ്, 1 മാവ്, 3 പ്ലാവ്, 1 പേര, ചുറ്റുമതിൽ, ഗേറ്റ് വീടും അനുബന്ധ നിർമ്മിതികളും, കിണർ |
| 12. | മുഹമ്മദാലി | 227/7 | ഭൂമി, 3 തെങ്ങ്, 3 കവുങ്ങ്, 4 മാവ് |
| 13. | അബൂബക്കർ | 227/7/1<br>227/6 | ഭൂമി, 7 തെങ്ങ്,, 5 കവുങ്ങ്, 3 മാവ്, 5 പ്ലാവ്, കിണർ, ചുറ്റുമതിൽ |

| | | | |
|---|---|---|---|
| **14.** | രഘുസന്ദീപ് | 275/2 | നെൽ വയൽ |
| **15.** | രശ്മി | 275/1 | നെൽ വയൽ |
| **16.** | മമ്മിക്കുട്ടി | 275/4 | നെൽ വയൽ |
| **17.** | പത്മിനി | 236/3 | നെൽ വയൽ |
| **18.** | | | |

മുകളിൽ വിവരിച്ചിരിക്കുന്ന പ്രത്യാഘാതങ്ങൾ കൂടാതെ ധാരാളം മരങ്ങൾ കൂടി പദ്ധതിക്കായി വെട്ടിമാറ്റേണ്ടി വരുന്നു.

**4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി**

പട്ടാമ്പി താലൂക്കിലെ ഓങ്ങല്ലൂർ വില്ലേജിലെ റെയിൽവേ മേൽപ്പാല നിർമ്മാണ ത്തിനായി ആകെ ആവശ്യമായി വരുന്നത് 43.49 ആർ ഭൂമിയാണ്. നിർദിഷ്ട ഭൂമി 18 ഭൂവുടമകളുടെ ഉടമസ്ഥതയിലുള്ളതും പുരയിടം, നിലം വിഭാഗത്തിൽ പെടുന്ന തുമാണ്.

**4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

പദ്ധതിക്കായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി വ്യത്യസ്ത വ്യക്തികളുടെ ഉടമസ് ഥതയിൽ ഉള്ള ഭൂമിയാണ്. ആയതിനാൽ പൊതുസ്വത്തുക്കൾ ഒന്നും തന്നെ ആഘാത ബാധിതമാകുന്നില്ല.

**4.5 പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്ന തോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം**

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി നിലവിൽ ഭൂമി വിലയ്ക്കു വാങ്ങുകയോ, അന്യാധീ നപ്പെട്ട് പോകുകയോ, പാട്ടത്തിനെടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

**4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

43.49 ആർ ഭൂമിയാണ് പദ്ധതിക്കായി ആകെ ആവശ്യമായി വരുന്നത്. പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിൽ ഓങ്ങല്ലൂർ വില്ലേജിൽ ആണ് നിർദ്ദിഷ്ട സ്ഥലം സ്ഥിതി ചെയ്യുന്നത്. ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ 14 എണ്ണം പുരയിടവും 4 എണ്ണം നിലവുമാണ്.

**4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം**

***ചിത്രം 4.7.1 സ്ഥലങ്ങളുടെ തരം***




മുകളിൽ കൊടുത്തിരിക്കുന്ന ചിത്രം കാണിക്കുന്നത്, നിർദ്ദിഷ്ട ഭൂമിയിൽ 14 എണ്ണം പുരയിടം വിഭാഗത്തിലും 4 എണ്ണം നിലം വിഭാഗത്തിലും ഉള്ളവയാണ് എന്നാണ്.

***ചിത്രം 4.7.2 ഭൂമിയുടെ നിലവിലെ ഉപയോഗം***




നിർദ്ദിഷ്ട ഭൂമിയുടെ ഉപയോഗമാണ് മുകളിൽ നൽകിയിരിക്കുന്ന ചിത്രത്തിൽ കാണിച്ചിരിക്കുന്നത്. പ്രസ്തുത ഭൂമി 11 കുടുംബങ്ങൾ താമസത്തിനായും, 3 കുടുംബങ്ങൾ കാർഷികാവശ്യത്തിനായും, 2 കുടുംബങ്ങൾ തുറസ്സായ ഭൂമിയായും ഉപയോഗിക്കുന്നു. ശേഷിക്കുന്ന ഭൂമി 2 കുടുംബങ്ങൾ മറ്റാവശ്യങ്ങൾക്കായി അതായത്, കച്ചവടാവശ്യത്തിനായുള്ള കെട്ടിടമായും ഉപയോഗിക്കുന്നു.

**4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം**

ആഘാത ബാധിത ഭൂമി 18 കുടുംബങ്ങളുടെ ഉടമസ്ഥതയിൽ ഉള്ളതാണ്. 11 കുടുംബങ്ങൾ താമസാവശ്യങ്ങൾക്കായും 3 കുടുംബങ്ങൾ കൃഷിക്കായും ഉപയോഗിക്കുന്നു. ശേഷിക്കുന്ന 2 ഭൂമി തുറസ്സായ സ്ഥലങ്ങളാണ്.

***പട്ടിക 4.8.1 ഭൂമി കൈവശമായതിന്റെ കാലാവധി***

| വർഷം | എണ്ണം |
|---|---|
| 0 - 10 വർഷം | 4 |
| 10 - 20 വർഷം | 4 |
| 20 - 30 വർഷം | 9 |
| 30 - 40 വർഷം | ........ |
| 40 - 50 വർഷം | 1 |
| 50 നു മുകളിൽ | ............ |

ആഘാത ബാധിത കുടുംബങ്ങൾക്ക് ഭൂമി കൈവശമായതിന്റെ കാലാവധി മുകളിലെ ചിത്രത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. 10 വർഷത്തിനുള്ളിൽ ഭൂമി കൈവശമായ 4 കുടുംബങ്ങളുണ്ട്. 4 കുടുംബങ്ങൾക്ക് ഭൂമി കൈവശമായ കാലാവധി 10 നും 20 നും വർഷങ്ങൾക്കിടയിലാണ്. 20നും 30 വർഷത്തിനുമിടയിലായ 9 കുടുംബങ്ങളുണ്ട്. 40 നും 50 വർഷത്തിനുമിടയിൽ 1 കുടുംബവുമുണ്ട്.

***ചിത്രം 4.8.1 ഉടമസ്ഥതയുടെ രീതി***



ആഘാത ബാധിത സ്ഥലങ്ങളുടെ ഉടമസ്ഥതയുടെ രീതി ചിത്രം 4.8.1 വിവരിക്കുന്നു. 17 കുടുംബങ്ങളിൽ നടത്തിയ സർവേയിൽ 13 കുടുംബങ്ങൾ ഭൂമി വാങ്ങിയതും 4 കുടുംബങ്ങൾക്ക് ഭൂമി പാരമ്പര്യമായി ലഭിച്ചതുമാണ്.

**4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

വിവരദാതാക്കളിൽ നിന്നും ലഭിച്ച വിവരപ്രകാരം, 3 വർഷത്തിനുള്ളിൽ ആഘാത ബാധിത വസ്തുക്കളിൽ യാതൊരുവിധ വ്യവഹാരങ്ങളും നടന്നിട്ടില്ല. പ്രദേശത്ത് സമീപ കാലത്ത് നടന്ന വ്യവഹാരങ്ങൾ പ്രകാരം പുരയിടം വിഭാഗത്തിൽപ്പെട്ട ഭൂമിയുടെ വിപണി വില സെൻറിന് 7 ലക്ഷം രൂപയ്ക്കും 8 ലക്ഷം രൂപയ്ക്കും ഇടയിലാണ്.

# അദ്ധ്യായം 5
# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കു റിച്ചുമുള്ള കണക്ക്

പ്രസ്തുത പദ്ധതി മൂലം പ്രത്യക്ഷമായും പരോക്ഷമായും പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങളും പ്രത്യാഘാതത്തിന്റെ വ്യാപ്തിയും പ്രത്യാഘാത ദൂരീകരണത്തിനായി അർത്ഥനാധികാരി കൈക്കൊള്ളുന്ന നടപടികളെക്കുറിച്ചുമാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.

**5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ**

**5.1.1 പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)**

പാലക്കട് ജില്ലയിലെ വാടാനംകുറിശ്ശിയിൽ നിർമ്മിക്കുന്ന റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കലിൽ 18 കുടുംബങ്ങളാണ് പ്രത്യക്ഷ ആഘാതബാധിതർ ആയിട്ടുള്ളത്. 17 കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിക്കാൻ സർവ്വേയിലൂടെ സാധിച്ചു. അവരുടെ സാമൂഹിക സാമ്പത്തിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**.പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരാകുന്ന കുടുംബങ്ങളുടെ സാമൂഹ്യ പശ്ചാത്തലം:**

***പട്ടിക 5.1.1. മതവിഭാഗമനുസരിച്ച് കുടുംബങ്ങളുടെ എണ്ണം***

| മതം | എണ്ണം |
|---|---|
| ഹിന്ദു | 8 |
| മുസ്ലീം | 9 |
| വിവരം ലഭ്യമല്ലാത്തത് | 1 |
| **ആകെ** | **18** |

ആഘാത ബാധിത കുടുംബങ്ങളിൽ 8 കുടുംബങ്ങൾ ഹിന്ദുമതത്തിലും 10 കുടുംബങ്ങൾ മുസ്ലീം മതത്തിലും വിശ്വസിക്കുന്നു എന്ന് മുകളിലെ പട്ടിക സൂചിപ്പിക്കുന്നു. ഒരു കുടുംബത്തിന്റെ വിവരം ലഭ്യമല്ല.

*പട്ടിക 5.1.2. ആഘാതബാധിത കുടുംബങ്ങൾ*

| ജാതി | എണ്ണം |
|---|---|
| പട്ടിക ജാതി | .......... |
| പട്ടിക വർഗ്ഗം | ............ |
| പൊതുവിഭാഗം | ............ |
| മറ്റ് പിന്നോക്ക വിഭാഗം | 17 |
| വിവരം ലഭ്യമല്ലാത്തത് | 1 |
| **ആകെ** | **18** |

ആഘാധ ബാധിതരായ 17 കുടുംബങ്ങൾ മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉള്ളവരാണ് എന്ന് മുകളിലെ പട്ടിക കാണിക്കുന്നു. പട്ടിക ജാതി/ വർഗ്ഗ വിഭഗത്തിൽ ഉള്ള ആരും തന്നെ പദ്ധതി പ്രദേശത്ത് ഇല്ല. ഒരു കുടുംബ ത്തിന്റെ വിവരം ലഭ്യമല്ല.

*പട്ടിക 5.1.3. കുടുംബഘടന*

| കുടുംബസംവിധാനം | എണ്ണം |
|---|---|
| കൂട്ടുകുടുംബം | 3 |
| അണുകുടുംബം | 14 |
| വിവരം ലഭ്യമല്ലാത്തത് | 1 |
| **ആകെ** | **18** |

ആഘാതബാധിത പ്രദേശത്തെ കുടുംബ സംവിധാനമാണ് മുകളിലെ പട്ടികയിൽ നൽകിയിരിക്കുന്നത്. 3 കുടുംബങ്ങൾ കൂട്ടുകുടുംബ വ്യവസ്ഥ പിന്തുടരുന്നവരും 14 കുടുംബങ്ങൾ അണുകുടുംബ വ്യവസ്ഥ പിന്തുടരുന്നവരുമാണ്. ഒരു കുടുംബ ത്തെ പറ്റിയുള്ള വിവരം ലഭ്യമല്ല.

**5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

വനമേഖലയിൽ ഉൾപ്പെട്ടതും പട്ടിക വിഭാഗത്തിൽ ഉൾപ്പെട്ടതുമായ ജനങ്ങൾ നിർദിഷ്ട പദ്ധതി പ്രദേശത്ത് താമസമില്ല.

**5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

ബാധകമല്ല

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

ബാധകമല്ല

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന ഭൂകുടുംബങ്ങൾ**

ബാധകമല്ല

**5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

ആഘാത ബാധിത ഭൂമിയിൽ 3 കൃഷി സ്ഥലങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഭൂമി ഏറ്റെടുക്കൽ കൃഷിയെ ബാധിക്കാത്തതിനാൽ അതുമായി ബന്ധപ്പെട്ട ആരുടേയും ഉപജീവന മാർഗ്ഗത്തെ വിപരീതമായി ബാധിക്കുന്നില്ല.

2 ഭൂവുടമകൾ ആഘാത ബാധിതമാകുന്ന സ്ഥലത്തെ കടകൾ വാടകക്ക് നൽകിയിരിക്കുന്നു. ഇവർക്ക് വാടകയിനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടമാകും. കൂടാതെ ഇവിടെ വാടകക്ക് കച്ചവടം നടത്തുന്ന 4 കുടുംബങ്ങൾക്ക് ഇവരുടെ ഉപജീവന മാർഗ്ഗം പൂർണ്ണമായും നഷ്ടമാകുന്നു.

**5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)**

ആഘാത ബാധിത ഭൂമിയിൽ കച്ചവടം നടത്തുന്ന 4 വാടകക്കാർ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായി കണക്കാക്കാം.

***5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക***

***പട്ടിക 5.6.1 ഫലദായക വസ്തുക്കളിലുള്ള പ്രത്യാഘാതം***

| വിളകൾ | എണ്ണം |
|---|---|
| തെങ്ങ് | 43 |
| മാവ് | 9 |
| മുരിങ്ങ | 1 |
| ആര്യവേപ്പ് | 1 |

| | |
|---|---|
| പ്ലാവ് | 7 |
| വാഴ | 17 |
| പപ്പായ | 2 |
| കവുങ്ങ് | 10 |
| പേര | 1 |
| നെൽ വയൽ | 3 |

- ഒരു പുറമ്പോക്ക് പുരയിടം ആഘാത ബാധിതമാകുന്നുണ്ട്, എന്നാൽ ഈ ഭൂമി ആഘാത ബാധിത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

# അദ്ധ്യായം 6
# സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം
# (പദ്ധതി പ്രദേശവും പുനസ്ഥാപനപ്രദേശവും)

## 6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

ആഘാത ബാധിതരായ 18 കുടുംബങ്ങളിൽ 17 കുടുംബങ്ങളെ കണ്ടെത്താനും സർവ്വേ നടത്താനും എസ്.ഐ.എ ടീമിനു സാധിച്ചു. അവരുടെ ജനസംഖ്യാ പരമായ വിവരങ്ങൾ തുടർന്നുള്ള ഭാഗങ്ങളിൽ വിശകലനം ചെയ്യുന്നു.

***പട്ടിക 6.1.1 പ്രത്യക്ഷ ആഘാതബാധിതരാകുന്ന കുടുംബാഗംങ്ങളുടെ പ്രായം***

| പ്രായം | ആകെ |
|---|---|
| 0- 18 | 24 |
| 19-30 | 20 |
| 31-45 | 22 |
| 46-59 | 12 |
| 60-ഉം അതിനു മുകളിലും | 14 |
| **ആകെ** | **92** |

പട്ടിക 6.1.1 ആഘാത ബാധിത ജനങ്ങളുടെ പ്രായഭേദം വിശദീകരിച്ചിരിക്കുന്നു. 0–18 വയസ്സിനിടയിലുള്ള 24 പേരും 19–30 വയസ്സിനിടയിലുള്ള 20 പേരും 31–45 നും വയസ്സിനിടയിലുള്ള 22 പേരും 46–59 നും വയസ്സിനിടയിലുള്ള 12 പേരും 60 വയസ്സിനു മുകളിലുള്ള 14 പേരുമാണ് പദ്ധതി ബാധിത പ്രദേശത്ത് ഉള്ളത്.

***പട്ടിക 6.1.2 പ്രത്യക്ഷ ആഘാതബാധിതരാകുന്ന കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ ലിംഗഭേദമനുസരിച്ച്***

| ലിംഗം | ആകെ |
|---|---|
| പുരുഷൻ | 45 |
| സ്ത്രീ | 47 |
| **ആകെ** | **92** |

18 ആഘാത ബാധിത കുടുംബങ്ങളിൽ അംഗങ്ങളിൽ 45 പേർ പുരുഷന്മാരും 47 പേർ സ്ത്രീകളുമാണ് എന്നാണ് മുകളിലെ പട്ടിക സൂചിപ്പിക്കുന്നത്.

***പട്ടിക 6.1.3 പ്രത്യക്ഷ ആഘാതബാധിത ജനങ്ങളുടെ വൈവാഹികാവസ്ഥ***

| വൈവാഹികാവസ്ഥ | ആകെ |
|---|---|

| | |
|---|---|
| വിവാഹിതർ | 50 |
| അവിവാഹിതർ | 14 |
| വിധവ/വിഭാര്യൻ | 4 |
| കുട്ടികൾ | 24 |
| **ആകെ** | **92** |

ആഘാത ബാധിത കുടുംബങ്ങളുടെ വൈവാഹികാവസ്ഥയാണ് പട്ടിക 6.1.3 ൽ കാണിച്ചിരിക്കുന്നത്. 50 വിവാഹിതരും 14 അവിവാഹിതരും 4 വിധവ/വിഭാര്യനും 24 കുട്ടികളുമാണ് പദ്ധതി ബാധിത കുടുംബങ്ങളിൽ ഉള്ളത്.

### 6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും




ആഘാധ ബാധിത കുടുംബങ്ങളുടെ മാസവരുമാനമാണ് മുകളിലെ ചിത്രത്തിൽ കാണിച്ചിരിക്കുന്നത്. 5 കുടുംബങ്ങൾ 10000 രൂപയിൽ താഴെ മാസവരുമാനം ഉള്ളവരും 5 കുടുംബങ്ങൾ 10000 നും 20000 നും ഇടയിൽ മാസവരുമാനം ഉള്ളവരും 3 കുടുംബങ്ങൾ 20000 നും 30000 നും ഇടയിൽ മാസവരുമാനം ഉള്ളവരും 2 കുടുംബങ്ങൾ 30000 നും 40000 നും ഇടയിൽ മാസവരുമാനം ഉള്ളവരാണ്. 50000 ന് മുകളിൽ മാസവരുമാനം ഉള്ള ഒരു കുടുംബവുമാണ് പദ്ധതി ബാധിത പ്രദേശത്ത് ഉള്ളത്.

***പട്ടിക 6.2.1.പ്രത്യക്ഷ ആഘാതബാധിത കുടുംബങ്ങളുടെ റേഷൻ കാർഡിൻെറ തരം***

| റേഷൻ കാർഡിൻെറ നിറം | കുടുംബങ്ങളുടെ എണ്ണം |
|---|---|
| വെള്ള | 6 |
| നീല | 10 |
| പിങ്ക് | 1 |
| മഞ്ഞ | ........... |
| വിവരം ലഭ്യമല്ല | 1 |
| **ആകെ** | **18** |

പൊതുവിതരണ സംവിധാനം അനുസരിച്ചുള്ള ആഘാത ബാധിത കുടുംബങ്ങളുടെ റേഷൻ കാർഡിൻെറ തരം മുകളിലെ പട്ടികയിൽ നൽകിയിരിക്കുന്നു. 6 കുടുംബങ്ങൾക്ക് വെള്ള റേഷൻ കാർഡും 10 കുടുംബങ്ങൾക്ക് നീല റേഷൻ കാർഡും 1 കുടുംബത്തിനു പിങ്ക് റേഷൻ കാർഡുമാണ് ഉള്ളത്. മഞ്ഞ റേഷൻ കാർഡ് കൈവശമുള്ള കുടുംബങ്ങൾ പദ്ധതി ബാധിത പ്രദേശത്ത് ഇല്ല. ഒരു കുടുംബത്തെ കുറിച്ചുള്ള വിവരം ലഭ്യമല്ല.

### 6.3 ദുർബ്ബലജനവിഭാഗം

- ആഘാത ബാധിത ജനങ്ങളിൽപെട്ട 60 വയസ്സിനു മുകളിൽ പ്രായമുള്ള 14 വ്യക്തികളെയും 18 വയസ്സിൽ താഴെയുള്ള 24 കുട്ടികളേയും പദ്ധതി ബാധിതരായ ദുർബല വിഭാഗത്തിലുള്ളവരായി കണക്കാക്കാവുന്നതാണ്
- ആഘാത ബാധിത കുടുംബങ്ങളിലെ വിധവ/വിഭാര്യരായ 4 വ്യക്തികളെയും ദുർബല ജനവിഭാഗമായി കാണേണ്ടതാണ്.

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

ആഘാത ബാധിത ഭൂമി 18 കുടുംബങ്ങളുടെയാണ്. 11 കുടുംബങ്ങൾ പദ്ധതി ബാധിത പ്രദേശത്ത് താമസിക്കുന്നു. 3 കുടുംബങ്ങൾ നിർദിഷ്ട പദ്ധതി പ്രദേശത്ത് കൃഷി നടത്തുന്നു. ഒരു ഭൂവുടമയുടെ ഉടസ്ഥതയിൽ ഉള്ള 3 കടകളും മറ്റൊരു ഭൂവുടമയുടെ ഉടമസ്ഥതയിൽ ഉള്ള 1 കടയും ആഘാത ബാധിതമാകുന്നുണ്ട്.

### 6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതിക്കുവേണ്ടി ചായക്കട, ഇലക്ട്രോണിക്സ് കട, പലചരക്ക് കട, തയ്യൽക്കട എന്നീ 4 കച്ചവട സ്ഥാപനങ്ങൾ അടക്കേണ്ടി വരും.

**6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ**

4 കടകൾ പദ്ധതി നടപ്പിലാക്കുന്നത് മൂലം അടക്കേണ്ടി വരുന്നു. 3 നെൽ വയലുകളും പദ്ധതി മൂലം ആഘാത ബാധിതം ആകുന്നു.

**6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും**

നിർദിഷ്ട പദ്ധതി പ്രദേശത്തെ വസ്തുക്കൾ ഭൂരിഭാഗാവും വിലകൊടുത്ത് വാങ്ങിയവയാണ്. ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബ വ്യവസ്ഥ പിന്തുടരുന്നവരാണ്. ചെറിയൊരു ഭാഗം കുടുംബങ്ങൾ മാത്രം കൂട്ടുകുടുംബ വ്യവസ്ഥ പിന്തുടരുന്നവരുമാണ്. ഒരു മുസ്ലീം പള്ളി പദ്ധതി ബാധിത പ്രദേശത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്നു. എന്നാൽ ഇത് ആഘാത ബാധിതമല്ല.

**6.8 ഭരണ സംഘടനകൾ**

ഭരണ സംവിധാനങ്ങളൊന്നും പദ്ധതി ബാധിതമാകുന്നില്ല.

**6.9 രാഷ്ട്രീയ സംഘടനകൾ**

രാഷ്ട്രീയ സംഘടനയുടെ സംവിധാനങ്ങളൊന്നും പദ്ധതി ബാധിതമാകുന്നില്ല.

**6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ**

സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകളൊന്നും പദ്ധതി ബാധിതമാകുന്നില്ല.

**6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ**

പ്രദേശത്തെ പ്രത്യേകതകളെയും ചരിത്രപരമായ പരിണാമ പ്രക്രിയകളെയും പദ്ധതി വിപരീതമായി ബാധിക്കുന്നില്ല.

**6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം**

പലാക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിൽ ഓങ്ങല്ലൂർ വില്ലേജിലാണ് നിർദിഷ്ട റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നത്. വാടാനംകുറിശ്ശി റെയിൽവേ സ്റ്റേഷനിലാണ് പ്രസ്തുത ലെവൽ ക്രോസ്സിങ്ങ് സ്ഥിതി ചെയ്യുന്നത്. വ്യത്യസ്ഥ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണ് ഭൂമി. നിലം, പുരയിടം വിഭാഗത്തിൽ പെടുന്നതാണ് ഭൂമി. ഭൂരിഭാഗം പേരും താമസാവശ്യത്തിനായാണ് ഭൂമി ഉപയോഗിക്കുന്നത്. കൂടാതെ കുറച്ച് പേർ കച്ചവടാവശ്യത്തിനായും കുറച്ച് പേർ കാർഷികാവശ്യത്തിനുമായി ഭൂമി ഉപയോഗിക്കുന്നു.

# അദ്ധ്യായം 7
# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരം പദ്ധതി ആഘാത ബാധിതമാകുന്ന കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും പുനഃരധിവാസവും പുനഃസ്ഥാപനവും നൽകേണ്ടതാണ്.
- കുടുംബങ്ങൾക്ക് നഷ്ടപ്പെടുന്ന ഉപജീവനമാർഗം പുനഃസ്ഥാപിക്കുക.
- 3 കുടുംബങ്ങൾക്ക് അവരുടെ വീടുകൾ നഷ്ടമാകുന്നു. അർഹിക്കുന്ന പരിഗണന നൽകി പുനരധിവാസവും പുനസ്ഥാപനവും ഉറപ്പ് വരുത്തുക.
- 4 കടകൾ പദ്ധതി മൂലം അടക്കപ്പെടുന്നു. ഈ കടകൾ എല്ലാം വാടകക്കാർ നടത്തുന്നതാണ്. ഇവരുടെ കുടുംബത്തിൻെറ ഉപജീവനമാർഗ്ഗം നഷ്ടമാകുന്നു. അതിനാൽ ഇവരെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായി കണക്കാക്കാം.
- കിണറുകൾ നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ജലസ്രോതസ്സ് നഷ്ടമാകുന്നതിനുള്ള അർഹമായ നഷ്ടപരിഹാരം നൽകണം.
- പദ്ധതിക്കു വേണ്ടി വെട്ടി മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനോടോപ്പം പകരം മരങ്ങൾ വച്ച് പിടിപിടിപ്പിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുക.

## 7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.1 ൽ നൽകിയ ന്യായമായ നഷ്ടപരിഹാരങ്ങളും നിർദ്ദേശങ്ങളും പരിഗണിക്കുക.

## 7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O (Ms)No.448/2017/RD നമ്പർ പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടിക്രമങ്ങൾ.

**7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

ആഘാത ബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് മതിയായ തുക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ടെന്ന് അർത്ഥനാധികാരി വെളിപ്പെടുത്തി.

**7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

ബാധകമല്ല

**7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരം പദ്ധതി ആഘാത ബാധിതമാകുന്ന കുടുംബങ്ങൾക്ക് നഷ്ട പരിഹാരവും പുനഃരധിവാസവും പുനഃസ്ഥാപനവും നൽകേണ്ടതാണ്.
- കുടുംബങ്ങൾക്ക് നഷ്ടപ്പെടുന്ന ഉപജീവനമാർഗം പുനഃസ്ഥാപിക്കുക.
- 3 കുടുംബങ്ങൾക്ക് അവരുടെ വീടുകൾ നഷ്ടമാകുന്നു. അർഹിക്കുന്ന പരിഗണന നൽകി പുനരധിവാസവും പുനസ്ഥാപനവും ഉറപ്പ് വരുത്തുക.
- 4 കടകൾ പദ്ധതി മൂലം അടക്കപ്പെടുന്നു. ഈ കടകൾ എല്ലാം വാടകക്കാർ നടത്തുന്നതാണ്. ഇവരുടെ കുടുംബത്തിൻെറ ഉപജീവനമാർഗ്ഗം നഷ്ടമാകുന്നു. അതിനാൽ ഇവരെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായികണക്കാക്കാം.

- കിണറുകൾ നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ജലസ്രോതസ്സ് നഷ്ടമാകുന്നതിനുള്ള അർഹമായ നഷ്ടപരിഹാരം നൽകണം.
- പദ്ധതിക്കു വേണ്ടി വെട്ടി മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനോടോപ്പം പകരം മരങ്ങൾ വച്ച് പിടിപിടിപ്പിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുക.

**7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

ബാധകമല്ല

# അദ്ധ്യായം 8
# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി
# സ്ഥാപന സംവിധാനം

## 8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ൽ നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗദർശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കുവേണ്ടിയുള്ള പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ൽ നിർവ്വചിക്കുന്ന പ്രകാരമുള്ള ഉചിതമായ നഷ്ടപരിഹാരം നൽകുന്നത് വഴി പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ വില്ലേജിലെ വാടാനംകുറിശ്ശി റെയിൽവേ മേൽപാലം നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിൻെറ പ്രത്യാഘാതം ലഘൂകരിക്കുവാൻ സാധിക്കുന്നതാണ്.

23/09/2015 ൽ പുറപ്പെടുവിച്ച ഉത്തരവ് G.O.(MS)No.485/2015/RD പ്രകാരം ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി കേരള സർക്കാർ രൂപീകരിച്ച നയത്തിൽ പറയുന്ന പ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയ്ക്ക് വേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിൽ ചുവടെ ചേർക്കുന്ന ആളുകളെ ഉൾപ്പെടുത്തേണ്ടതാണ്.

- ജില്ലാ കളക്ടർ, പുനഃരധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ

- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- തദ്ദേശ സ്വയംഭരണ വകുപ്പിൻെറ പ്രതിനിധികൾ പുനരധിവാസ നടപടി രൂപ രേഖ നിരീക്ഷിക്കുന്നതായിരിക്കും.

**8.2 ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷ മതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും, പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശചട്ട ങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9
# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

**9.1 പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്**

ആവശ്യമായ ബഡ്ജറ്റ് വകയിരുത്തിയിട്ടുണ്ട് എന്ന് അർത്ഥനാധികാരി വെളിപ്പെടുത്തുന്നു.

**9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും**

ബാധകമല്ല

**9.3 സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്**

ബാധകമല്ല

# അദ്ധ്യായം 10
# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി
# –മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- പുനഃരധിവാസ പുനഃസ്ഥാപന നടപടികൾ
- ന്യായമായ നഷ്ടപരിഹാരം
- നിർമ്മാണവേളയിലെ സുരക്ഷിത നടപടികൾ

## 10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

പുനഃരധിവാസ പുനഃസ്ഥാപന നടപടികൾ–കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ, 2015 പ്രകാരം.

## 10.3 സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

# അദ്ധ്യായം 11
# നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

## 11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനു തകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

18 ഭൂവുടമകളാണ് പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായിട്ടുള്ളത്. 3 കുടുംബങ്ങൾ അവരുടെ ഭൂമിയിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെടുന്നു. 2 കുടുംബങ്ങൾക്ക് വാടക ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടമാകുന്നു. വീടുകളും അനുബന്ധ നിർമ്മിതികളും ഗേറ്റ്, ചുറ്റുമതിൽ, കിണർ എന്നിവ പദ്ധതി നടപ്പിലാക്കുന്നത് മൂലം ആഘാത ബാധിതമാകുന്നു. 3 കുടുംബങ്ങൾ നെൽ കൃഷി ചെയ്യുന്ന വയലുകളും ആഘാത ബാധിതമാകുന്നു. 4 കടകൾ പദ്ധതി മൂലം അടക്കപ്പെടുന്നു, ഈ കടകൾ 3 വർഷത്തിലധികമായി വാടകക്കാർ നടത്തുന്നതാണ്. ന്യായമായ നഷ്ടപരിഹാരം ലഭിക്കുകകയാണ് എങ്കിൽ ആഘാത ബാധിതരായ എല്ലാ കുടുംബങ്ങളും അവരുടെ ഭൂമി വിട്ടുനൽകാൻ തയ്യാറാണ് എന്ന് സർവ്വേയിൽ വെളിപ്പെടുത്തി.

## 11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരം പദ്ധതി ആഘാത ബാധിതമാകുന്ന കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും പുനഃരധിവാസവും പുനഃസ്ഥാപനവും നൽകേണ്ടതാണ്.
- കുടുംബങ്ങൾക്ക് നഷ്ടപ്പെടുന്ന ഉപജീവനമാർഗം പുനഃസ്ഥാപിക്കുക.
- 3 കുടുംബങ്ങൾക്ക് അവരുടെ വീടുകൾ നഷ്ടമാകുന്നു. അർഹിക്കുന്ന പരിഗണന നൽകി പുനഃരധിവാസവും പുനഃസ്ഥാപനവും ഉറപ്പ് വരുത്തുക.

- 4 കടകൾ പദ്ധതി മൂലം അടക്കപ്പെടുന്നു. ഈ കടകൾ എല്ലാം വാടകക്കാർ നടത്തുന്നതാണ്. ഇവരുടെ കുടുംബത്തിൻെറ ഉപജീവനമാർഗ്ഗം നഷ്ടമാകുന്നു. അതിനാൽ ഇവരെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായി കണക്കാക്കാം.
- കിണറുകൾ നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ജലസ്രോതസ്സ് നഷ്ടമാകുന്നതിനുള്ള അർഹമായ നഷ്ടപരിഹാരം നൽകണം.
- പദ്ധതിക്കു വേണ്ടി വെട്ടി മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനോടോപ്പം പകരം മരങ്ങൾ വച്ച് പിടിപിടിപ്പിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുക.

## സൂചനങ്ങളും അനുബന്ധങ്ങളും

### *സൂചനകൾ*

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് 2013 & ചട്ടങ്ങൾ 2015.